(4) കസാനകോട്ട-പാർസിപറമ്പ് പ്രദേശത്തെ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം

ശ്രീ. കെ. സുധാകരൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ കണ്ണൂർ മുനിസിപ്പാലിറ്റിയിൽപ്പെട്ട കസാനകോട്ട, പാർസിപറമ്പ് പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക് അവരുടെ കൈവശത്തിലിരിക്കുന്ന ഭൂമിയിൽ പട്ടയം ലഭിക്കുന്നതിന് ഇതിനകം അങ്ങേയ്ക്ക് ഒരുപാട് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. അവിടെ ഒരു ആക്ഷൻ കമ്മിറ്റിയുണ്ടാക്കി ആക്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഞാൻ അടക്കം 23-2-2000-ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. അതിന്റെ പുറകിലുള്ള പശ്ചാത്തലങ്ങളും ഞങ്ങൾ നിവേദനത്തിൽ വളരെ വിശദമായി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ഇവിടെ താമസിക്കുന്ന ആളുകൾ വാസ്തവത്തിൽ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമിയല്ല. അവരുടെ അച്ഛനോ പൂർവ്വികൻമാരോ കാശ് കൊടുത്ത് രേഖ വാങ്ങിയ ഭൂമിയാണ്. പാർസിപറമ്പ് ട്രാൻസ്ഫറബിൾ ആണോ ട്രാൻസ്ഫറബിൾ അല്ലയോ എന്നൊന്നും കാശ് കൊടുത്തു വാങ്ങിയ കുടിയാൻമാർക്ക് അറിയില്ല. പക്ഷേ പത്ത്, ഇരുപത് വർഷക്കാലമായി അവിടെ താമസിക്കുന്ന ആളുകളാണ്. അവർക്ക് കൈവശ രേഖ കൊടുക്കാതെ പട്ടയം കൊടുക്കാതെ ഇക്കൊല്ലമത്രയും അവർ ദേഹണ്ഡിച്ചുണ്ടാക്കിയ സ്വത്ത് ഒന്നും ചെയ്യാൻ സാധിക്കാത്ത ദുരവസ്ഥയാണുള്ളത്. അതിൽ ആധികാരികമായി ചെയ്യേണ്ട മിക്കവാറും കാര്യങ്ങൾ ഗവൺമെന്റ് തലത്തിൽ പൂർത്തിയാക്കി എന്നാണ് നമുക്ക് മനസ്സിലാക്കാൻ സാധിച്ചത്. കണ്ണൂർ ജില്ലാ കളക്ടർവരെ ശുപാർശ ചെയ്ത ഒരു കേസാണ്. ആ നിലയ്ക്ക് ഇത് പരിഗണിച്ച് ഇതിന്റെ ഉപഭോക്താക്കൾക്ക് അടിയന്തിരമായി കൈവശരേഖ (പട്ടയം) നൽകാനുള്ള നടപടി ഗവൺമെന്റ് ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

1 P.M.]

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, ബഹു: എം.എൽ.എ. പറഞ്ഞത് ഗവൺമെന്റ് സജീവമായി പരിഗണിക്കുന്ന ഒരു പ്രശ്നമാണ്. കണ്ണൂരിലെ എം.എൽ.എ. യും മറ്റ് സംഘടനകളും ഈ ആവശ്യം പലവട്ടം ഉന്നയിച്ചതിന്റെയടിസ്ഥാനത്തിൽ തന്നെ ഈ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. താമസക്കാരെ ഒഴിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി പല സന്ദർഭങ്ങളിലും സ്വീകരിച്ചിരുന്നതാണ്. ഒഴിപ്പിക്കാനുള്ള നടപടികൾ നിർത്തി വയ്ക്കാൻ ഗവൺമെന്റ് ആവശ്യപ്പെടുകയും പട്ടയം പതിച്ചു കൊടുക്കാനുള്ള തീരുമാനം എടുക്കുകയും ചെയ്തു. മുനിസിപ്പൽ പ്രദേശങ്ങളിൽ ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള തടസ്സങ്ങൾ ഉണ്ടായിരുന്നു. ആ തടസ്സങ്ങൾ ഒഴിവാക്കി മുനിസിപ്പൽ പ്രദേശങ്ങളിൽ വരുമാന പരിധിയുടെ അടിസ്ഥാനത്തിൽ ഇരുപത്തിനാലായിരം രൂപയിൽ താഴെയുള്ളവർക്ക് സൗജന്യമായും അതുപോലെ വരുമാനം നോക്കി അതനുസരിച്ച് അഞ്ചിലൊന്ന് മാർക്കറ്റ് വില ഈടാക്കിയും അൻപതിനായിരത്തിൽ കൂടുതൽ രൂപ

LIBRARY ARCHIVES Kerala Legislative Assembly

വരുമാനമുള്ളവർക്കാണെങ്കിൽ മാർക്കറ്റ് വില ഈടാക്കിയും പതിച്ചുകൊടുക്കാമെന്നുള്ള തീരുമാനം ഗവൺമെന്റ് എടുത്തുകൊണ്ടാണ് ആയിരക്കണക്കിന് ആളുകൾക്ക് മുനിസിപ്പൽ പ്രദേശങ്ങളിൽ ഭൂമി പതിച്ചുകൊടുക്കാൻ നമുക്ക് അവസരമുണ്ടായിട്ടുള്ളത്. അതിന്റെയടിസ്ഥാനത്തിൽ തന്നെ ഇത് പരിശോധിച്ച് പതിച്ച് കൊടുക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. കഴിയുന്നതും വേഗം, ഒന്നു, രണ്ട് മാസത്തിനുള്ളിൽതന്നെ, ആ ഭൂമിയുടെ കാര്യത്തിൽ ഒരു തീരുമാനമെടുക്കുകയും അവർക്ക് പതിച്ചുകൊടുക്കാനുള്ള നടപടികൾ പൂർത്തിയാക്കുകയും ചെയ്യും. ഗവൺമെന്റ് തലത്തിലെടുക്കാനുള്ള തീരുമാനങ്ങൾ എടുത്തു കഴിഞ്ഞിരിക്കുകയാണ്.

(5) കേരളത്തിലെ മഹിളാ പ്രധാൻ ഏജന്റുമാർക്ക് കമ്മീഷൻ

പ്രൊഫ: മീനാക്ഷി തമ്പാൻ: സർ, നമ്മുടെ സംസ്ഥാനത്തിലെ ആയിരക്കണക്കിന് മഹിളാ പ്രധാൻ ഏജന്റുമാർ നേരിടുന്ന ഗൗരവതരമായ പ്രശ്നത്തിലേയ്ക്കാണ് ഞാൻ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടേയും ഈ സഭയുടേയും ശ്രദ്ധക്ഷണിക്കുന്നത്. ലഘുസമ്പാദ്യ പദ്ധതിയിലൂടെ ദേശീയ സമ്പാദ്യ പദ്ധതിയിലേക്ക് കോടിക്കണക്കിന് രൂപ സമാഹരിച്ച് കൊടുക്കുന്നവരാണ് മഹിളാ പ്രധാൻ ഏജന്റുമാർ . നമ്മുടെ രാജ്യത്തിന്റേയും സംസ്ഥാനത്തിന്റേയും വിവിധ വികസന പ്രവർത്തനങ്ങൾ നടത്താൻ ഈ തുക ഉപയോഗിക്കുന്നു. നൂറുശതമാനം സ്ത്രീകൾ മാത്രം പണിയെടുക്കുന്ന ഒരു മേഖലയാണ് ഇത്. കേന്ദ്ര സർക്കാരിൽ നിന്നും അഞ്ച് ശതമാനം കമ്മീഷനും സംസ്ഥാന സർക്കാർ നൽകുന്ന അലവൻസും മാത്രമാണ് അവർക്ക് ലഭിക്കുന്ന പ്രതിഫലം. കേന്ദ്ര ഗവൺമെന്റാകട്ടെ ഒരു ശതമാനം കമ്മീഷൻ അടുത്ത സമയത്ത് വെട്ടികുറച്ചിരിക്കുകയാണ്. വളരെ ബുദ്ധിമുട്ടി ചെറിയ തുകകൾ സമാഹരിച്ച് നമ്മുടെ വികസനപ്രവർത്തനങ്ങളെ സഹായിക്കുന്ന അവർക്ക് സംസ്ഥാന സർക്കാരിൽ നിന്നും കൊടുക്കേണ്ട അലവൻസ് കുറെ മാസങ്ങളായി ലഭിച്ചിട്ടില്ല. ഈ വരുമാനം കൊണ്ട് മാത്രം കുടുംബം സംരക്ഷിക്കേണ്ട മഹിളാ പ്രധാൻ ഏജന്റുമാർക്ക് കുടിശ്ശിക കൊടുത്ത് തീർക്കാനും അവർക്ക് മാസം തോറും കിട്ടേണ്ട അലവൻസ് കൃത്യമായി കൊടുക്കാനും നടപടി ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, വളരെ ന്യായമായ ഒരു കാര്യത്തെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സബ്മിഷൻ തന്നിട്ടുള്ളത്. മഹിളാ പ്രധാൻ ഏജന്റുമാർ സമാഹരിക്കുന്ന നിക്ഷേപങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് നാല് ശതമാനം കമ്മീഷൻ നൽകുന്നുണ്ട്. ഈ കമ്മിഷൻ തുക പോസ്റ്റാഫീസിൽ നിക്ഷേപിക്കുന്ന സമയത്തുതന്നെ ഏജന്റുമാർക്ക് ലഭിക്കുന്നു. ഇതിനുപരിയായി മഹിളാ പ്രധാൻ ഏജന്റുമാർക്ക് അവരുടെ നിക്ഷേപ തോതനുസരിച്ച് 2.5 ശതമാനം മുതൽ നാല് ശതമാനം

LIBRARY ARCHIVES Kerala Legislative Assembly